# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *90 — 10.06.2019-ൽ മറുപടിക്ക്

## പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>,, കെ.വി.വിജയദാസ്<br>,, പി.വി. അൻവർ<br>,, ഡി.കെ. മുരളി : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭൂരാഹിത്യം പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രവർത്തനം എന്തെല്ലാമാണെന്ന് അറിയിക്കാമോ; | എ) | പട്ടികവർഗ്ഗക്കാരുടെ ഭൂരാഹിത്യം പരിഹരിക്കുന്നതിനായി സർക്കാർ 3 തരത്തിലുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഭൂമി വാങ്ങി നൽകൽ പദ്ധതി, നിക്ഷിപ്തവന ഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 10943 ഭൂരഹിത പട്ടികവർഗ്ഗക്കാരാണുള്ളത്. ടി ഭൂരഹിതർക്ക് ഭൂമി സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>1. ഭൂമിവാങ്ങി നൽകുന്ന പദ്ധതി<br><br>03/03/2018-ലെ സ.ഉ(എം.എസ്)21/2018/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ജില്ലാകളക്ടർമാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന ഭൂമി 2 തലങ്ങളിലുള്ള ഫീൽഡ് പരിശോധനക്ക് ശേഷം വില നിർണ്ണയം നടത്തി ഭൂമി വാങ്ങി ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ്.<br><br>ടി പദ്ധതിയ്ക്കായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലും 690 ഭൂഉടമകളിൽ നിന്നായി 1677 ഏക്കർ ഭൂമിയുടെ ഓഫർ ലഭിച്ചിട്ടുണ്ട്. 2018-19 വർഷം വയനാട് ജില്ലയിൽ വെള്ളപ്പൊക്കബാധിതരായ 147 പേർക്ക് 10 സെന്റ് വീതം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ പുരോഗമിച്ചു വരുന്നു.<br><br>ജില്ലാതലത്തിൽ വിൽപ്പനയ്ക്ക് ലഭിച്ച ഭൂമി സംബന്ധിച്ച് വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 2. വനാവകാശ നിയമം<br><br>വനാവകാശ നിയമപ്രകാരം 2005 ഡിസംബർ 13 ന് കൈവശമുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയാണ് ചെയ്യുന്നത്. ആയതിൻ പ്രകാരം 42789 അപേക്ഷകൾ ലഭിച്ചതിൽ 26465 അപേക്ഷകൾ ഡി.എൽ.സി പാസ്സാക്കി നൽകിയിട്ടുണ്ട്. 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ഡി.എൽ.സി പാസ്സാക്കിയിട്ടും കൈവശാവകാശരേഖ വിതരണം ചെയ്യുവാൻ 640 അപേക്ഷകളുണ്ട്. നിലവിൽ 5517 അപേക്ഷകർ എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നീ തലങ്ങളിൽ പെന്റിംഗിലുണ്ട്. അവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>3. നിക്ഷിപ്ത വനഭൂമി വിതരണം<br><br>ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റേയും ബഹു. സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 4789 ഏക്കർ ഭൂമി 3616 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിതരണം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെയും, വനം, റവന്യൂ, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിമാരുടേയും നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ച് ചേർത്ത് ഭൂമി വിതരണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം 1326 ഏക്കർ ഭൂമി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വനാവകാശനിയമപ്രകാരം എത്ര പേർക്ക് ഭൂമി നൽകിയെന്നും അർഹരായ എല്ലാ അപേക്ഷകർക്കും ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും അറിയിക്കാമോ; | ബി) | വനാവകാശ നിയമപ്രകാരം 2005 ഡിസംബർ 13 ന് കൈവശമുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയാണ് ചെയ്യുന്നത്. അതിൻ പ്രകാരം നിലവിൽ 5517 അപേക്ഷകർ എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നീ തലങ്ങളിൽ പെന്റിംഗിലുണ്ട്. ആയവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 719 പേർക്ക് 1492 ഏക്കർ ഭൂമിക്കുള്ള കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. 2016-17 ൽ 136 കൈവശരേഖകളും (705 ഏക്കർ), 2017-18 ൽ 62 കൈവശരേഖകളും (51 ഏക്കർ), 2018-19 ൽ 385 കൈവശരേഖകളും (736 ഏക്കർ) വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം |

| | | | |
|---|---|---|---|
| | | | അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>പരിഗണനയിലുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കണമെന്നും, ഡി.എൽ.സി നിരസിച്ച അപേക്ഷകൾ അടിയന്തരമായി പുനഃപരിശോധിച്ച് തെറ്റായി നിരസിച്ച അപേക്ഷകൾ ഉണ്ടെങ്കിൽ ആയവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ/പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2016-17 ന് ശേഷം 7005 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയവ അടിയന്തിരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | 2005 ന ശേഷം വനത്തിൽ കുടിൽ കെട്ടി താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ ക്കാരെ ഒഴിപ്പിക്കണമെന്ന സുപ്രീം കോടതി ഉത്തരവിനെതിരെ സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യ ത്തിൽ ഉചിതമായ നിയമഭേദഗതിക്ക് കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ: ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | സി) | വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇടക്കാല ഉത്തരവിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പി ച്ചതിൽ സംസ്ഥാനത്ത് ജില്ലാതല സമിതി നിരസിച്ച 894 അപേക്ഷകരിൽ അനർഹർ വനഭൂമിയിൽ താമസിക്കുന്നുണ്ടെങ്കിൽ അവരെ ഒഴിപ്പിച്ച് വിശദ വിവരം സമർപ്പിക്കണമെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാന ത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മാരിൽ നിന്നും 894 അപേക്ഷകളുടെ വിശദ വിവരം ശേഖരിച്ചിട്ടുണ്ട്. ആയത് അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>പട്ടിക ഗോത്രവർഗ്ഗക്കാരെ ഒഴിപ്പിക്കണമെന്ന ഇടക്കാല ഉത്തരവ് ബഹു. സുപ്രീം കോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വ്യക്തമാക്കി ഇക്കാര്യത്തിലുള്ള വിശദമായ അഫിഡവിറ്റ് ബഹു. സുപ്രീം കോടതിയിൽ നൽകുന്നതാണ്. ഈ കേസിലെ സുപ്രീം കോടതിയുടെ അന്തിമവിധിന്യായം വന്നതിനു ശേഷം മാത്രമേ ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

| Sl. No. | District | | Number of applications received | | No. of applications forwarded to District Mission for further actions | | No. of landless tribals |
|---|---|---|---|---|---|---|---|
| | | | No. of applications | Extent of land (Acre) | No. of applications | Extent of land (Acre) | |
| 1 | Thiruvananthapuram | | 13 | 14.47 | 0 | 0 | 27 |
| 2 | Kollam | | 27 | 33.3 | 2 | 3.5 | 37 |
| 3 | Pathanamthitta | | 40 | 187.3 | - | 0 | 162 |
| 4 | Alappuzha | | 22 | 16.86 | 0 | 0 | 289 |
| 5 | Kottayam | | 39 | 61.23 | 21 | 30.79 | 114 |
| 6 | Idukki | Idukki (PO) | 31 | 7 | 15.66 | 15.66 | 108 |
| | | Adimali (TDO) | 26 | 13 | 24.6 | 24.6 | |
| 7 | Ernakulam | | 18 | 32.73 | 4 | 7.2 | 124 |
| 8 | Thrissur | | 11 | 80.51 | 11 | 80.51 | 44 |
| 9 | Palakkad | | 63 | 116.41 | 21 | 35.49 | 633 |
| 10 | Kozhikkode | | 14 | 28.2 | 3 | 5.61 | 117 |
| 11 | Malappuram | | 27 | 125.87 | 12 | 48.77 | 564 |
| 12 | Wayanad | Kalpetta | 16 | 2 | 3.37 | 0 | 8050 |
| | | Mananthavady | 52 | 34 | 92.64 | 37.82 | |
| | | Bathery | 49 | 17 | 35.56 | 34 | |
| 13 | Kasaragod | | 242 | 621 | 48 | 124 | 410 |
| 14 | Kannur | | | | | | 264 |
| | **Total** | | **690** | **1674.77** | **195** | **507.7** | **10943** |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

| ജില്ല | കൈവശരേഖ വിതരണം ചെയ്തതിന്റെ വിവരം | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| തിരുവനന്തപുരം | 0 | 0 | 0 |
| കൊല്ലം | 0 | 0 | 0 |
| പത്തനംതിട്ട | 14 | 34 | 0 |
| കോട്ടയം | 0 | 0 | 1 |
| ഇടുക്കി | 0 | 0 | 149 |
| എറണാകുളം | 122 | 0 | 35 |
| തൃശ്ശൂർ | 0 | 0 | 0 |
| പാലക്കാട് | 0 | 28 | 200 |
| മലപ്പുറം | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 0 |
| വയനാട് | 0 | 0 | 136 |
| കണ്ണൂർ | 0 | 0 | 0 |
| **ആകെ** | **136** | **62** | **521** |

സെക്ഷൻ ഓഫീസർ

# അനുബന്ധം 3

| | | |
|---|---|---|
| 1 | റവന്യൂ ഭൂമിയിൽ താമസിക്കുവെ വനാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചവർ | 397 |
| 2 | മാതാപിതാക്കൾ അപേക്ഷ സമർപ്പിച്ച ഭൂമിയിൽ മക്കൾ അപേക്ഷിച്ചതിനാൽ ഇരട്ടിപ്പ് സംഭവിച്ചതിനാൽ നിരസിച്ചവ | 175 |
| 3 | വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച് ഒരേക്കറിൽ താഴെ ഭൂമി കൈവശം ലഭിച്ചവർ KST ആക്ട് നടപ്പിലാക്കാനുള്ള സുപ്രീം കോടതി ഉത്തരവ് വന്നപ്പോൾ ആദിവാസികൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി ലഭിക്കുമെന്ന ധാരണയിൽ കൈവശം ഭൂമിയില്ലാതെ ഭൂമി ലഭിക്കാനായി അപേക്ഷ സമർപ്പിച്ചവർ | 135 |
| 4 | വനാവകാശ നിയമപ്രകാരം 4 ഹെക്ടറിൽ കൂടുതൽ ഭൂമിയ്ക്ക് അപേക്ഷ സമർപ്പിച്ചവർ | 13 |
| 5 | അപേക്ഷകൻ മരണപ്പെട്ടത് | 11 |
| 6 | അപേക്ഷ സമർപ്പിച്ചവർ തമ്മിൽ അതിർത്തി സംബന്ധിച്ചുള്ള തർക്കം പരിഹാരമാകാത്തതിനാൽ നിരസിച്ചവ | 3 |
| 7 | പട്ടികവർഗ്ഗക്കാർ അല്ലാത്തവർ സമർപ്പിച്ച അപേക്ഷ | 2 |
| 8 | വനാവകാശ നിയമം ബാധകമല്ലാത്ത ഫാം ഭൂമിയിൽ താമസിക്കുന്നവർ സമർപ്പിച്ച അപേക്ഷ | 88 |
| 9 | ചന്ദനമരങ്ങൾ നിൽക്കുന്നതിനാൽ വനം വകുപ്പിന്റെ എതിർപ്പിനെ തുടർന്ന് നിരസിച്ചത് | 24 |
| 10 | കാട് വെട്ടിതെളിച്ച് കൃഷി ചെയ്തതായി തെളിവില്ല എന്ന വനം വകുപ്പിന്റെ എതിർപ്പിനെ തുടർന്ന് നിരസിച്ചത് | 34 |
| 11 | കൈവശഭൂമിയാണെന്ന് തെളിയിക്കാൻ മതിയായ രേഖകൾ ഇല്ലാത്തതിനാൽ നിരസിച്ചവ | 3 |
| 12 | സ്ഥലം വിട്ടുപോയവർ | 5 |
| 13 | കൂടുതൽ പ്ലോട്ടുകൾ കൈവശമുണ്ട് എന്ന അവകാശവാദത്തെ വനം വകുപ്പ് എതിർത്തതിനെ തുടർന്ന് നിരസിച്ചത് | 4 |
| | **ആകെ** | **894** |

**സെക്ഷൻ ഓഫീസർ**